**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3570** **05-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്തെ സാമ്പത്തിക മാന്ദ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലമുള്ള സാമ്പത്തിക മാന്ദ്യം കാരണം സംസ്ഥാനത്തെ വ്യവസായങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | കോവിഡ് മൂലമുള്ള സാമ്പത്തിക മാന്ദ്യം കാരണം സംസ്ഥാനത്തെ വ്യവസായ ങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് പരിഹരിക്കുന്നതിനായി വ്യവസായ ഭദ്രതാ പദ്ധതിയും (20/05/2020-ലെ G.O.(MS) No. 56/2020/ID) വ്യവസായ മേഖലയുടെ സംരംക്ഷണത്തിനായി കോവിഡ് 19 സമാശ്വാസ പദ്ധതി (30/06/2021-ലെ സ.ഉ. (എം.എസ്.) നമ്പർ 666/2021/ഐഡി)-യും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽപ്പെട്ട 77 സ്ഥാപനങ്ങൾ 2020 ജനുവരിക്ക് ശേഷം അടച്ചുപൂട്ടുകയോ ഉത്പാദനം ഗണ്യമായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ട്. |
| (ബി) | 2020 ജനുവരിക്ക് ശേഷം ഏതെങ്കിലും ഫാക്ടറികൾ സ്ഥിരമായി അടച്ചുപൂട്ടുകയോ ഉല്പാദനം ഗണ്യമായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | കോവിഡ് മൂലമുള്ള സാമ്പത്തിക മാന്ദ്യം കാരണം സംസ്ഥാനത്തെ വ്യവസായ ങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് പരിഹരിക്കുന്നതിനായി വ്യവസായ ഭദ്രതാ പദ്ധതിയും (20/05/2020-ലെ G.O.(MS) No. 56/2020/ID) വ്യവസായ മേഖലയുടെ സംരംക്ഷണത്തിനായി കോവിഡ് 19 സമാശ്വാസ പദ്ധതി (30/06/2021-ലെ സ.ഉ. (എം.എസ്.) നമ്പർ 666/2021/ഐഡി)-യും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽപ്പെട്ട 77 സ്ഥാപനങ്ങൾ 2020 ജനുവരിക്ക് ശേഷം അടച്ചുപൂട്ടുകയോ ഉത്പാദനം ഗണ്യമായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പ്രതിസന്ധി കാലത്ത് വൻകിട, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളെ സംരക്ഷിക്കുവാൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | കോവിഡ് മൂലമുള്ള സാമ്പത്തിക മാന്ദ്യം കാരണം സംസ്ഥാനത്തെ വ്യവസായ ങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് പരിഹരിക്കുന്നതിനായി വ്യവസായ ഭദ്രതാ പദ്ധതിയും (20/05/2020-ലെ G.O.(MS) No. 56/2020/ID) വ്യവസായ മേഖലയുടെ സംരംക്ഷണത്തിനായി കോവിഡ് 19 സമാശ്വാസ പദ്ധതി (30/06/2021-ലെ സ.ഉ.(എം.എസ്.) നമ്പർ 666/2021/ഐഡി)-യും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽപ്പെട്ട 77 സ്ഥാപനങ്ങൾ 2020 ജനുവരിക്ക് ശേഷം അടച്ചുപൂട്ടുകയോ ഉത്പാദനം ഗണ്യമായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതിനായി കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ? | (ഡി) | കേന്ദ്രസഹായം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കോവിഡ് 19 മഹാമാരി വരുത്തിവെച്ച ലോക്ക് ഡൗൺ ഉൾപ്പെടെയുള്ള വിവിധ സാഹചര്യങ്ങളുടെ ഭാഗമായി തളർന്നുപോയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയെ തിരിച്ചു കൊണ്ടുവരുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത. GO(MS).No 56/2020/ID dated 20/05/2020 പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട ചുവടെ വിവരിക്കുന്ന പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. സംരംഭക സഹായ പദ്ധതി (ESS ) ഉദാരവൽക്കരിക്കുന്നത്

2. അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് & MSME കൾക്കുള്ള അധിക പ്രവർത്തനമൂലധനത്തിന് പലിശ ധനസഹായം

3. MSME കൾക്ക് നൽകുന്ന അധിക Term ലോണിനുള്ള പലിശ ധനസഹായം

മേൽ വിവരിച്ചവയിൽ "സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്" നടപ്പിലാക്കുന്നതിലേക്കായി സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗ രേഖ GO(MS) No.103/2020/ID dated 24/11/2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കി വരുന്നു. ആയതിലെ പ്രധാന സവിശേഷതകൾ

1. SC/ST,വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% ആയി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതാണ്.
2. മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ 'Pharmaceutical industries and health care products manufacturing industries' യൂണിറ്റുകളെ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15% നിക്ഷേപ സബ്സിഡിയ്ക്ക് പുറമെ 10% അധിക സബ്സിഡി കൂടി അനുവദിച്ചു
3. അനുവദിക്കുന്ന തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും/ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ സംരംഭക സഹായ പദ്ധതിയ്ക്ക് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം(BDS) നടപ്പാക്കുന്നതിന് തീരുമാനിച്ചു.

മേൽ വിവരിച്ചവയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 01/04/2020 മുതൽ 31/12/2020 വരെ MSME യൂണിറ്റുകൾ (ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള) എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30000 രൂപ (യൂണിറ്റിന് പരമാവധി 60000 രൂപ) വരെ അനുവദിച്ച് വരുന്നുണ്ട്.

കൂടാതെ സംസ്ഥാനത്തെ എം.എസ്സ്.എം.ഇ മേഖലയ്ക്ക് കോവിഡ് മൂലം നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി ഈ സർക്കാർ, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പാക്കേജിൽ വ്യവസായവാണിജ്യഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന ദുരിതാശ്വാസപദ്ധതികൾ താഴെസൂചിപ്പിക്കുന്നു.

1. കോവിഡ് 19 ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan ) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

ഈ സർക്കാർ പ്രഖ്യാപിച്ച COVID-19 സമാശ്വാസ പദ്ധതിയിൽ താഴെപ്പറയുന്ന ദുരിതാശ്വാസപദ്ധതികൾഉൾപ്പെട്ടിട്ടുണ്ട്.

1. കോവിഡ് 19 ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention to term Loan and Working Capital Loan ) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന

പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ വർദ്ധിപ്പിച്ചിട്ടുണ്ട്.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവന മേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4.നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

5. കെ എസ് ഐ ഡി സി യിൽ നിന്നും വായ്പ്പ എടുത്ത നിക്ഷേപകർക്ക് കോവിഡ് പ്രതിസന്ധി മൂലം തിരിച്ചടവിന് ബുദ്ധിമുട്ട് നേരിട്ടാൽ വായ്പ്പ പുന:ക്രമീകരിച്ച് കിട്ടാക്കടം എന്ന ലേബൽ ഒഴിവാക്കും.

6. 2020 ഒക്ടോബർ 1 മുതൽ 2021 മാർച്ച് 31 വരെ ആറ് മാസത്തേയ്ക്ക് ടോപ്പ് അപ്പ് വായ്പ്പ തിരിച്ചടയ്ക്കുന്നതിന് കെ എസ് ഐ ഡി സി മൊറൊട്ടോറിയം അനുവദിച്ചിരുന്നു.ടി മൊറൊട്ടോറിയം 2021 ഏപ്രിൽ മുതൽ ജൂൺ വരെ മൂന്ന് മാസത്തേയ്ക്ക് കൂടി നീട്ടുന്നു. നീട്ടി നൽകുന്ന മൊറൊട്ടോറിയത്തിന്റെ പലിശ മൂന്ന് മാസത്തേയ്ക്ക് ഒഴിവാക്കും.

7. കെ എസ് ഐ ഡി സി നിക്ഷേപകർക്ക് ഒരു വർഷത്തെ എല്ലാ പിഴ പലിശയും 2021 ഏപ്രിൽ മുതൽ ഒഴിവാക്കും.

8. കെ എസ് ഐ ഡി സി ആദ്യമായി 100 കോടി രൂപ എം എസ് എം ഇ കൾക്ക് 5% പലിശയിൽ സോഫ്റ്റ് ലോൺ ആയി അനുവദിക്കും

9. മടങ്ങി എത്തുന്ന പ്രവാസികൾക്ക് കെ എസ് ഐ ഡി സി നോർക്ക റൂട്സ് വഴി 5% പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകും.

10. കോവിഡുമായി ബന്ധപ്പെട്ട് ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് 5 % പലിശ നിരക്കിൽ കെ എസ് ഐ ഡി സി പ്രത്യേക വായ്പ നൽകും.

11. കെ എസ് ഐ ഡി സി പാർക്കുകളിലുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെ 2021 ഏപ്രിൽ മുതൽ ജൂൺ വരെ മൂന്ന് മാസത്തെ വാടക ഒഴിവാക്കും

12. 2021 ഏപ്രിൽ മുതൽ ജൂൺ വരെ മൂന്ന് മാസത്തേയ്ക്ക് കെ എസ് ഐ ഡി സി പാർക്കുകളിലെ കോമൺ ഫെസിലിറ്റി ചാർജ്ജുകൾ ഒഴിവാക്കും.

13. കെ എസ് ഐ ഡി സിയി-ൽ നിന്ന് വായ്പ്പയെടുത്ത് തിരിച്ചടവിൽ വീഴ്ച്ച സംഭവിച്ച എല്ലാ നിക്ഷേപകർക്കും 2021 ഡിസംബർ 31 വരെ വായ്പ്പ ക്രമീകരിക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കും

14. വ്യവസായികാവശ്യങ്ങൾക്കായി കെ എസ് ഐ ഡി സി നൽകുന്ന ഭൂമിയുടെ ആദ്യ ഗഡു മൊത്തവിലയുടെ 20 % ആയി ചുരുക്കുകയും ബാക്കി 80 % അഞ്ചു തുല്യ വാർഷിക ഗഡുക്കളായി പലിശയില്ലാതെ നൽകുകയും ചെയ്യും

15. കിൻഫ്ര 2021 ഏപ്രിൽ മുതൽ ജൂൺ വരെ മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ്

ഡിസൈൻ ഫാക്ടറികളുടെ നിക്ഷേപകർക്കുള്ള വാടക ഒഴിവാക്കി നൽകും
16.കിൻഫ്ര 2021 ഏപ്രിൽ മുതൽ ജൂൺ വരെ മൂന്ന് മാസത്തേയ്ക്ക് കോമൺ ഫെസിലിറ്റി ചാർജ്ജുകൾ ഒഴിവാക്കും.

17.കിൻഫ്ര വ്യവസായ പാർക്കുകളിൽ 2020 മാർച്ചിൽ നിലനിന്നിരുന്ന ഭൂമിയുടെ വില തുടർന്നും നിലനിർത്തും.ഭൂമി അനുവദിച്ചവർക്ക് 20 % മാർജിൻ പേയ്മെന്റും ബാക്കി തുക അഞ്ചു വർഷത്തെ വാർഷിക ഗഡുക്കളാക്കി പലിശയില്ലാതെയും ലഭിക്കും
18. കിട്ടാകടങ്ങളുടെ കുടിശിക തീർപ്പാക്കാൻ നിക്ഷേപകർക്കായി കിൻഫ്ര ഒരു പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കും.

കൂടാതെ കോവിഡ് -19 മഹാമാരിയെ തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായമായും കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പ്രത്യേക സഹായമായും 2020-21 വർഷത്തിൽ 72 കോടി രൂപ അനുവദിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷത്തിൽ പ്രവർത്തന മൂലധനമായി 30 കോടി രൂപയുടെ ധനസഹായം അനുവദിക്കുകയും ആയത് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

Arun.m.s.
സെക്ഷൻ ഓഫീസർ

൧